# പെർസിവാളിന്റെ പരീക്ഷയും നമുക്കുള്ള പാഠവും..

അനുഭവം എന്ന അധ്യാപകൻ പരീക്ഷ നടത്തിയശേഷം പാഠം പഠിപ്പിക്കുന്ന കഠിനഹൃദയനാണെന്ന ആരുടെയോ ആരോപണം സത്യമാണെന്ന് അനുഭവസമ്പന്നർ അവകാശപ്പെടുന്നു. അനുഭവകഥകൾ വായിക്കുന്നത് നല്ല കാര്യമാണ്. തീഷ്ണമായ അനുഭവങ്ങളിലൂടെ മറ്റുള്ളവർ പഠിച്ച പാഠങ്ങൾ മുതൽമുടക്കാതെ മനസ്സിലാക്കുവാൻ അവ ഉപകരിക്കും.

ഡോക്ടർ ലിയോൺ ടക്കർ തന്റെ ക്രിസ്തീയസുഹൃത്തും സർജറിയിൽ വിദഗ്ദനുമായ പെർസിവാളിനെപ്പറ്റി പറഞ്ഞ അനുഭവകഥ അത്തരത്തിലുള്ളതാണ്: പെർസിവാളിന് ഒരുമകൾ മാത്രം, കിറ്റി. ഓമനമകളായ കിറ്റിയെ അദ്ദേഹം ജീവനേക്കാൾ സ്നേഹിച്ചിരുന്നു. ഒരുദിവസം കിറ്റി പിതാവിനോട്, തനിക്ക് ചൈനയിൽ മിഷനറിയായിപ്പോകുവാൻ അനുവാദം നൽകണമെന്ന് അപേക്ഷിച്ചു. കർക്കശസ്വരത്തോടെ പെർസിവാൾ മകളോടു പറഞ്ഞു: "കിറ്റി, നീ എന്റെ കൺവെട്ടത്തു നിന്നും അകന്നുമാറുവാൻ ഞാൻ ഒരിക്കലും അനുവദിക്കയില്ല."

ചിലദിവസങ്ങൾ കഴിഞ്ഞപ്പോൾ പെർസിവാളിന് കാഴ്ചകുറയുവാൻ തുടങ്ങി. അദ്ദേഹത്തിന് തന്റെ സർജൻ ലൈസൻസ് പുതുക്കുവാൻ കഴിഞ്ഞില്ല. വൈകാതെ അദ്ദേഹത്തിന്റെ കണ്ണിന് സർജറി നടത്തേണ്ടിവന്നു. ബാൻഡേജ് അഴിച്ചുമാറ്റിയ ഡോക്ടർ പറഞ്ഞു: "ക്ഷമിക്കണം, സർജറി ഫലംചെയ്തില്ല. രണ്ടാഴ്ചയ്ക്കുള്ളിൽ താങ്കളുടെ കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെടും." ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ സുഹൃത്ത് അക്ഷരാർത്ഥത്തിൽ ഞെട്ടി.

പെർസിവാൾ കിറ്റിയെയും അവളുടെ മക്കളെയും അരികിൽ വിളിച്ചു. തന്റെ വിരലുകൾ അവരിൽ ഓരോരുത്തരുടെയും മുഖത്ത് സാവധാനമായി ഓടിച്ചുകൊണ്ട് അവരുടെ രൂപം മനസ്സിലേക്ക് പകർത്തുമ്പോൾ അവിടെയുണ്ടായിരുന്നവർ കരച്ചിലടക്കുവാൻ ബദ്ധപ്പെട്ടു.

ഒന്നുരണ്ടുമാസങ്ങൾ കഴിഞ്ഞ് പെർസിവാളിനോടൊപ്പം ഉച്ചഭക്ഷണം കഴിക്കുവാൻ എനിക്ക് അവസരം ഉണ്ടായപ്പോൾ അദ്ദേഹത്തിനുള്ള ആഹാരം ഞാൻ എടുത്തുകൊടുക്കേണ്ടി വന്നു. ഞാൻ പുറപ്പെടുന്നതിനുമുമ്പ്, അദ്ദേഹത്തിന്റെ മുഖഭാവത്തിൽനിന്നും, എന്നോട് എന്തോ പറയാനുള്ളതുപോലെ എനിക്ക് മനസ്സിലായി. "ഡോക്ടർ പെർസിവാൾ, താങ്കൾക്ക് എന്നോട് എന്തെങ്കിലും പറയുവാനുണ്ടോ?" ഞാൻ അന്വഷിച്ചു. അദ്ദേഹം ചോദിച്ചു: "ഡോക്ടർ ടക്കർ, ദൈവം പകരത്തിനുപകരം ചെയ്യുന്നവനാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?" "ഇല്ല!" ഞാൻ മറുപടിനൽകി. അദ്ദേഹം തുടർന്നു: "ടക്കർ, മിഷനറിയായി ചൈനയിൽ പോകാനാഗ്രഹിച്ച എന്റെ മകളോടു ഞാൻ നീ എന്റെ കൺവെട്ടത്തു നിന്നും അകന്നുമാറുവാൻ ഞാൻ ഒരിക്കലും അനുവദിക്കില്ലെന്നു പറഞ്ഞു. ഇപ്പോൾ ഇതാ, ദൈവം എന്റെ കൺവെട്ടം കെടുത്തിയിരിക്കുന്നു!" മറുപടിപറയാനാവാതെ വിഷമിച്ചുനിന്ന എന്നോട് പെർസിവാൾ അവസാനമായി പറഞ്ഞു: "താങ്കൾക്ക് അവസരം ലഭിക്കുന്നിടത്തൊക്കെ മാതാപിതാക്കൾക്ക് ഒരുപദേശം നൽകണം, മക്കളെ കർത്താവ് ദൈവവേലയ്ക്കായി വിളിച്ചാൽ തടസ്സം നിൽക്കരുതെന്ന്."

Author: ksabraham.org@gmail.com website: www.ksabraham.org **Free Distribution of this material is encouraged!**